**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1756** **19-01-2021 - ൽ മറുപടിയ്ക്ക്**

**ദേവികുളത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള വികസനപ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന ദേവികുളം നിയോജകമണ്ഡലത്തിലെ വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) | 2018-ലെ മഹാപ്രളയത്തിൽ തകർന്നു പോയ മൂന്നാർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേ ജിലെ കുട്ടികൾക്ക് അടിയന്തിര പഠന സൗകര്യം ഒരുക്കുന്നതിന്, 20 ലക്ഷം രൂപ അനുവദിയ്ക്കുകയും അറ്റകുറ്റ പണികൾ പൂർത്തിയാക്കി അവിടെ കോളേജ് പ്രവർത്തനം ആരംഭിക്കു കയും ചെയ്തിട്ടുണ്ട്. മൂന്നാർ എഞ്ചനീ യിറിംഗ് കോളേജിന്റെ ഉടമസ്ഥത യിൽ ഉള്ള ഭൂമിയിൽ നിന്നും കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി അടിയന്തിരമായി മൂന്നാർ ആർട്സ് & സയൻസ് കോളേജ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്നാർ എഞ്ചിനീയറിംഗ് കോളേജിൽ 2015-16 ൽ 85 ലക്ഷം രൂപയും, 2017-18 -ൽ 50 ലക്ഷം രൂപയും പ്ലാൻ ഫണ്ടായി അനുവദിച്ചിരുന്നു. ആയത് മെക്കാനി ക്കൽ ലാബിനും Equipmentsനും ആയി ഉപയോഗിക്കുകയുണ്ടായി. ദേവികുളം നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന അടിമാലി സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂളിൽ അക്കാഡമിക് ബ്ലോക്ക്, വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ എക്സ്റ്റെൻഷൻ, ഓഡിറ്റോറിയം, ശൗചാലയം എന്നീ പ്രവർത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. എം.ജി.സർവ്വകലാശാലയുടെ കീഴിൽ വരുന്ന ഇടുക്കി ജില്ലയിലെ നെടുങ്കണ്ടത്ത്, സർവ്വകലാശാലയുടെ ഹ്രസ്വകാല കോഴ്സുകൾക്ക് വേണ്ടി സാറ്റലൈറ്റ് ക്യാംപസും ഇൻഫർ മേഷൻ സെന്ററും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | അവയുടെ നിർവ്വഹണപുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ? | (ബി) | 2018-ലെ മഹാപ്രളയത്തിൽ തകർന്നു പോയ മൂന്നാർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേ ജിലെ കുട്ടികൾക്ക് അടിയന്തിര പഠന സൗകര്യം ഒരുക്കുന്നതിന്, 20 ലക്ഷം രൂപ അനുവദിയ്ക്കുകയും അറ്റകുറ്റ പണികൾ പൂർത്തിയാക്കി അവിടെ കോളേജ് പ്രവർത്തനം ആരംഭിക്കു കയും ചെയ്തിട്ടുണ്ട്. മൂന്നാർ |

| | | | |
|---|---|---|---|
| | | | എഞ്ചനീ യിറിംഗ് കോളേജിന്റെ ഉടമസ്ഥത യിൽ ഉള്ള ഭൂമിയിൽ നിന്നും കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി അടിയന്തിരമായി മൂന്നാർ ആർട്സ് & സയൻസ് കോളേജ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്നാർ എഞ്ചിനീയറിംഗ് കോളേജിൽ 2015-16 ൽ 85 ലക്ഷം രൂപയും, 2017-18 -ൽ 50 ലക്ഷം രൂപയും പ്ലാൻ ഫണ്ടായി അനുവദിച്ചിരുന്നു. ആയത് മെക്കാനി ക്കൽ ലാബിനും Equipments നും ആയി ഉപയോഗിക്കുകയുണ്ടായി. ദേവികുളം നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന അടിമാലി സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂളിൽ അക്കാഡമിക് ബ്ലോക്ക്, വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ എക്സ്റ്റെൻഷൻ, ഓഡിറ്റോറിയം, ശൗചാലയം എന്നീ പ്രവർത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. എം.ജി.സർവ്വകലാശാലയുടെ കീഴിൽ വരുന്ന ഇടുക്കി ജില്ലയിലെ നെടുങ്കണ്ടത്ത്, സർവ്വകലാശാലയുടെ ഹ്രസ്വകാല കോഴ്സുകൾക്ക് വേണ്ടി സാറ്റലൈറ്റ് ക്യാംപസും ഇൻഫർ മേഷൻ സെന്ററും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ